# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 47 — 11.06.2013 ൽ മറുപടിയ്ക്ക്

## ബക്ഷി കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. കെ.വി. വിജയദാസ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ മേഖലയെ പൂർണ്ണമായും തകർക്കുന്ന ശുപാർശകളാണ് ബക്ഷി കമ്മീഷൻ റിപ്പോർട്ടിലുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ സഹകരണ വായ്പ മേഖലയിലെ ത്രിതല സംവിധാനത്തെ ദോഷകരമായി ബാധിക്കുന്ന ശുപാർശകളാണ് ബക്ഷി കമ്മീഷൻ റിപ്പോർട്ടിലുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബക്ഷി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിലെ സഹകരണ മേഖലയ്ക്ക് അനുയോജ്യമല്ല എന്നതാണ് സർക്കാർ നിലപാട്. |
| (ബി) സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്ന ബക്ഷി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാതിരിക്കാൻ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കത്തക്കതല്ലെന്ന് വകുപ്പ് മന്ത്രി എന്ന നിലയിൽ 12.02.2013 ലെ കത്ത് മുഖേന കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. |
| (സി) പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പകൾ നൽകരുതെന്ന ശുപാർശകൾ നടപ്പിലാകുമ്പോൾ സാധാരണ ജനങ്ങൾ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യം വരുമെന്ന ആശങ്ക | (സി) പ്രാഥമിക സഹകരണ ബാങ്കുകൾ ജില്ലാ സഹകരണ ബാങ്കുകളുടെ ബിസിനസ്സ് കറസ്പോണ്ടന്റ്സ് ആയി പ്രവർത്തിക്കണമെന്നാണ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശ. ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിലെ ത്രിതല വായ്പാ മേഖലയ്ക്ക് |

| | | | |
|---|---|---|---|
| | പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ; | | ദോഷകരമാകുമെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ട്. ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കത്തക്കതല്ല എന്നതാണ് സർക്കാരിന്റെ നിലപാട്. |
| (ഡി) | സഹകരണ മേഖലയെ തകർക്കുന്നതും ഗ്രാമപ്രദേശങ്ങളിലെ സാധാരണക്കാരായ ജനങ്ങൾക്ക് പ്രാദേശിക സഹകരണ സംഘങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന വായ്പകൾ നിഷേധിക്കപ്പെടുന്നതുമായ സാഹചര്യം ഒഴിവാക്കാൻ ഈ സർക്കാർ എന്ത് തുടർ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ? | (ഡി) | പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ റിസർവ് ബാങ്കോ കേന്ദ്ര സർക്കാരോ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കത്തക്കതല്ലെന്ന് കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ